(സി) ഇതേക്കുറിച്ച് ശാസ്ത്രജ്ഞൻമാരെക്കൊണ്ട് അടിയന്തിരമായി ഒരു പഠനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി, സി) കേരള കടൽത്തീരങ്ങളിൽ ഹൈപ്പവർ നാച്ചുറൽ റേഡിയേഷൻ കാരണം കാര്യമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നില്ല എന്ന് 2001-ലെ ഭാഭ അറ്റോമിക് റിസർച്ച് സെന്റർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

കൈത്തറി മേഖല നേരിടുന്ന പ്രതിസന്ധി

49 [3454] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനവധി പേർക്ക് തൊഴിൽ നൽകിയിരുന്ന കൈത്തറി മേഖല നിലനിർത്തുന്നതിൽ സർക്കാർ നടപടികൾ സ്വീകരിക്കുമോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ, ബി) ഒൻപതാം പദ്ധതിക്കാലത്ത് നടപ്പാക്കിയ മിക്കവാറും എല്ലാ പദ്ധതികളും 10-ാം പദ്ധതിയിലും ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുപുറമെ കേന്ദ്രാവിഷ്കൃത പദ്ധതികളായ ദീൻദയാൽ കൈത്തറി വികസന പദ്ധതി, വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി, പരിശീലന വൈദഗ്ദ്ധ്യ വികസന പദ്ധതി, കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി, അംശദാന സമ്പാദ്യ പദ്ധതി, ഉല്പന്ന വികസന വൈദഗ്ദ്ധ്യ ഉന്നമന പദ്ധതി, ഹെൽത്ത് പാക്കേജ് പദ്ധതി പണിശാലയോടു കൂടിയ ഭവനങ്ങളുടെ നിർമ്മാണ പദ്ധതി, മനോഹരമായ കൈത്തറി ഉല്പന്നങ്ങൾ കലാമൂല്യമുള്ള വസ്തുക്കളാക്കാനുള്ള പ്രോത്സാഹനം നൽകുന്ന പദ്ധതി എന്നിവ നടപ്പു സാമ്പത്തിക വർഷം നടപ്പാക്കി വരുന്നു.

കൈത്തറി സംഘങ്ങളിൽ നടന്ന തട്ടിപ്പിന് വിജിലൻസ് അന്വേഷണം

50 [3455] ശ്രീ. ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാന്ധിജി സ്മാരക കൈത്തറി സംഘം, ടി. 334, കട്ടച്ചൽകുഴി പി. ഒ., ബാലരാമപുരം വെസ്റ്റ് കൈത്തറി സംഘം, എച്ച്. 327, കുഴങ്ങരക്കോണം കൈത്തറി സംഘം, നമ്പർ 342, നരുവാമൂട് പി. ഒ., മംഗളോദയം കൈത്തറി സംഘം, എച്ച്. 125, കട്ടച്ചൽക്കുഴി പി. ഒ., കോഴോട് കൈത്തറി സംഘം, നമ്പർ 3567, താന്നിമൂട് പി. ഒ., പുരോഗമന കൈത്തറി സംഘം, നമ്പർ 3450, കട്ടച്ചൽക്കുഴി പി. ഒ., തിട്ടവേലിക്കര കൈത്തറി സംഘം, എച്ച്. 3369, ബാലരാമപുരം പി. ഒ., മംഗലത്തുകോണം കൈത്തറി സംഘം,

LIBRARY ARCHIVES Kerala Legislative Assembly

നമ്പർ 3375, കട്ടച്ചൽക്കുഴി പി. ഒ. എന്നീ സംഘങ്ങളിൽ നെയ്ത്ത് തൊഴിലാളികളുടെ പേരിൽ ലക്ഷക്കണക്കിന് രൂപ തട്ടിപ്പ് നടത്തിയതായി വിജിലൻസ് കണ്ടെത്തിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കൈത്തറി യൂണിറ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി

51 [3456] ശ്രീ. എൻ. ശക്തൻ:
„ വർക്കല കഹാർ:
„ സി. പി. മുഹമ്മദ്:
„ വി. ഡി. സതീശൻ:
„ പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടത്തെ കിൻഫ്ര വസ്ത്ര നിർമ്മാണ പാർക്കിൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി സ്ഥലം വാങ്ങുകയോ യൂണിറ്റുകൾ സ്ഥാപിക്കുകയോ ചെയ്തിട്ടുള്ളവർ ആരെല്ലാമാണ്;

(ബി) ആൾ ഇൻഡ്യാ കൈത്തറി വസ്ത്ര വിപണന സഹകരണ സംഘം അവിടെ സ്ഥലമെടുത്തിട്ടുണ്ടോ;

(സി) ഈ സംഘത്തിന് റെഡിമെയ്ഡ് ഗാർമെന്റ്സ് ഉണ്ടാക്കുവാനുള്ള കൈത്തറി തുണി നൽകുവാൻ സംസ്ഥാനത്തിന് കഴിയുമോ;

(ഡി) ഇല്ലെങ്കിൽ അതിന് പര്യാപ്തമാകും വിധം കൈത്തറി യൂണിറ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ എന്തെല്ലാം നടപടികളെടുക്കുമെന്ന് പറയുമോ?

ഉത്തരം

(എ) ലീലാ ഇന്റർനാഷണൽ മുംബൈ ലിമിറ്റഡ് വസ്ത്ര നിർമ്മാണ യൂണിറ്റും അനന്തപുരി അപ്പാരൽ സർവ്വീസസ്, ലാൻട്രി ആന്റ് ഡ്രൈക്ലീനിംഗ് യൂണിറ്റും സ്ഥാപിച്ചിട്ടുണ്ട്. ആൾ ഇൻഡ്യാ ഹാന്റ്ലൂം ഫാബ്രിക്സ് സൊസൈറ്റി വസ്ത്ര നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുത്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി, ഡി) റെഡിമെയ്ഡ് ഗാർമെന്റ്സ് ഉണ്ടാക്കുവാൻ കൈത്തറി വസ്ത്രങ്ങളാണാവശ്യമെങ്കിൽ അതുൽപ്പാദിപ്പിച്ചു നൽകുന്നതിന് കഴിയുന്ന നിരവധി യൂണിറ്റുകൾ കേരളത്തിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly